# മതം മതേതരത്വം മതസഹിഷ്ണുത

ലേഖനം

ശൈഖ് മുഹമ്മദ് കാരകുന്ന്

**"മതവിശ്വാസവും** ബോധവും ശക്തിപ്പെടുത്തുന്നതിനനുസരിച്ച് മതസഹിഷ്ണുതക്ക് ഭംഗം വരികയല്ലേ ചെയ്യുക? അതിനാൽ മതേതരത്വത്തിന്റെ വളർച്ചക്കും പ്രചാരണത്തിനുമല്ലേ നാമൊക്കെ ശ്രമിക്കേണ്ടത്?" ഏതാനും ദിവസം മുമ്പ് നടന്ന ഒരു സ്നേഹ സംവാദത്തിൽ ഉയർന്നുവന്ന ചോദ്യമാണിത്.

മതേതരത്വമെന്ന പദവും അതു പ്രതിനിധാനം ചെയ്യുന്ന ആശയവും ആധുനികമാണ്. പാശ്ചാത്യ ലോകത്താണ് അത് പിറവിയെടുത്തത്. മതത്തിനെതിരായ സിദ്ധാന്തമെന്ന നിലയിലാണ് അത് രൂപം കൊണ്ടത്. കൊടും ചൂഷകരായ പ്രഭുക്കന്മാരും മർദക ഭരണാധികാരികളും തമ്മിലുള്ള മതമേധാവികളുടെ അവിശുദ്ധ കൂട്ടുകെട്ടാണ് അതിന്റെ പിറവിക്ക് പശ്ചാത്തലമൊരുക്കിയത്. അതുകൊണ്ടുതന്നെ പടിഞ്ഞാറൻ ലോകത്തെ പൊതുസമൂഹം മതപുരോഹിതന്മാരുടെ പീഡനത്തിൽനിന്നുള്ള മോചന മാർഗമായി അതിനെ കണ്ടു. ഏറെക്കഴിയും മുമ്പ് മതേതരത്വവും കടുത്ത മർദനോപാധിയായി മാറുകയാണുണ്ടായത്.

മതചൂഷണത്തിനെതിരെ രംഗത്തുവന്ന ശക്തമായ പ്രതികരണമെന്ന നിലയിൽ അത് തീർത്തും മതവിരുദ്ധമാണ്. *എൻസൈക്ലോപീഡിയ ഓഫ് ബ്രിട്ടാനിക്ക* നിരീശ്വരവാദത്തിന്റെ പ്രായോഗിക രൂപമായാണ് അതിനെ പരിചയപ്പെടുത്തുന്നത് (ഭാഗം 2, പേജ് 668).

സെക്യുലരിസത്തെ സംബന്ധിച്ച് *ചെയിമ്പേർസ് എൻസൈക്ലോപീഡിയ* എഴുതുന്നു: ''മതദർശനം സനാതനമല്ലെന്നും അപ്രായോഗികമോ അനഭിലഷണീയമോ അവിശ്വസനീയമോ ആണെന്നും വിശ്വസിക്കുന്നവർക്കുള്ളതാണ് സെക്യുലരിസം." അതുകൊണ്ടുതന്നെ പാശ്ചാത്യ സങ്കൽപത്തിലുള്ള മതേതരത്വം മതസഹിഷ്ണുതയുമായി ഒട്ടും പൊരുത്തപ്പെടുകയില്ല. അത് എല്ലാ മതങ്ങൾക്കും എതിരും അവയോട് കലഹിക്കുന്നതുമാണ്.

അതിനാലാണ് മതവിശ്വാസ

**വർഗീയതയും വിഭാഗീയതയും വളർത്താനുള്ള ബ്രിട്ടീഷ് ശ്രമത്തെ യഥാർഥ മതവിശ്വാസികളും ഭക്തരും പ്രതിരോധിക്കാൻ പരമാവധി ശ്രമിച്ചതായി കാണാം. അതേസമയം മതനിരാസത്തിന്റെ മുദ്രയണിഞ്ഞവർ കടുത്ത വർഗീയവാദികളും സാമുദായിക പക്ഷപാതികളുമായി മാറുകയാണുണ്ടായത്. ഇന്ത്യയിൽ ദ്വിരാഷ്ട്രവാദം ആദ്യമായുന്നയിച്ച വി.ഡി സവർക്കർ മതവിശ്വാസിയോ ആരാധനകളനുഷ്ഠിക്കുന്നവനോ ആയിരുന്നില്ല. 1937–ൽ നടന്ന ഹിന്ദു മഹാസഭാ സമ്മേളനത്തിൽ അതിന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം പറഞ്ഞു: "ഇന്ത്യ ഒരു രാഷ്ട്രമായിരിക്കുമെന്ന് സങ്കൽപിക്കാൻ സാധ്യമല്ല. അത് മുഖ്യമായും രണ്ടു രാഷ്ട്രങ്ങളാണ്. ഹിന്ദുക്കളുടേതും മുസ്‌ലിംകളുടേതും."**

ത്തിലും ബോധത്തിലും അധിഷ്ഠിതമായ ഇന്ത്യ മതേതരത്വം അംഗീകരിച്ചപ്പോൾ അതിന് പുതിയ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകേണ്ടിവന്നത്. മതത്തോട് ഏറ്റുമുട്ടാനോ അവയെ നശിപ്പിക്കാനോ ശ്രമിക്കാത്ത രാഷ്ട്ര നേതാക്കൾ പാശ്ചാത്യ മതേതരത്വത്തെ നിരാകരിച്ച് ഒരിന്ത്യൻ മതേതരത്വം ആവിഷ്കരിക്കുകയാണുണ്ടായത്. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "ഇന്ത്യ ഒരു സെക്യുലർ രാഷ്ട്രമാണെന്ന് പറയുമ്പോൾ, കാണപ്പെടാത്ത ഒരു ചേതനയുടെ യാഥാർഥ്യത്തെയും മതത്തിന് ജീവിതത്തിലുള്ള പ്രസക്തിയെയും നാം നിരാകരിക്കുന്നുവെന്നോ മതവിശ്വാസമില്ലായ്മയെ നാം സ്തുതിക്കുന്നുവെന്നോ അർഥമാക്കുന്നില്ല. മതനിരപേക്ഷത തന്നെ ഒരു ക്രിയാത്മകമതമായിത്തീരുന്നുവെന്നോ ഗവൺമെന്റ് ദൈവികമായ വിശേഷാധികാരം സ്വീകരിക്കുന്നുവെന്നോ അതിനർഥമില്ല. പരമമായ ശക്തിയിലുള്ള വിശ്വാസം ഇന്ത്യൻ പാരമ്പര്യത്തിന്റെ അടിസ്ഥാന സിദ്ധാന്തമാണെങ്കിലും ഇന്ത്യാ ഗവൺമെന്റ് ഏതെങ്കിലും പ്രത്യേക മതവുമായി താദാത്മ്യം പ്രാപിക്കുകയോ ഏതെങ്കിലും പ്രത്യേക മതത്താൽ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്നതല്ല. ഒരു പ്രത്യേക മതത്തെയും മറ്റുള്ളവയെക്കാൾ കൂടുതൽ ഇഷ്ടപ്പെടുകയോ അതിന് അദ്വിതീയമായ സവിശേഷത കൽപിക്കപ്പെടുകയോ ഇല്ല" (ഉദ്ധരണം, എം.വി പൈലി, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 16-22 ജൂലൈ 1989).

ജവഹർലാൽ നെഹ്റു പറയുന്നു: "ഇന്ത്യയിൽ ഒരു സെക്യുലർ സ്റ്റേറ്റിനെക്കുറിച്ച് നാം പറയുന്നു. പക്ഷേ, സെക്യുലർ എന്ന വാക്കിന് ഒരു നല്ല ഹിന്ദിപദം കണ്ടുപിടിക്കാൻ പോലും എളുപ്പമല്ല. മതത്തിന് വിരുദ്ധമാണ് അതെന്ന് ചിലർ കരുതുന്നു. അത് ശരിയല്ല. എല്ലാ വിശ്വാസങ്ങളെയും തുല്യമായി ബഹുമാനിക്കുന്നതും അവക്ക് തുല്യമായ അവസരം നൽകുന്നതുമായ ഒരു സ്റ്റേറ്റാണത്" (ഉദ്ധരണം: Ibid).

1951-ൽ പാർലമെന്റിൽ ഹിന്ദു കോഡ് ബില്ലിനെക്കുറിച്ച ചർച്ചയിൽ പങ്കെടുത്ത് ഡോക്ടർ അംബേദ്കർ പറഞ്ഞു: "ജനങ്ങളുടെ മതപരമായ വികാരങ്ങൾ നാം കണക്കിലെടുക്കാൻ പാടില്ലെന്നല്ല സെക്യുലർ സ്റ്റേറ്റ് എന്നതിന്റെ അർഥം. സെക്യുലർ സ്റ്റേറ്റ് എന്നതിന് ആകെയുള്ള അർഥം ബാക്കി ജനങ്ങളുടെ മേൽ ഏതെങ്കിലും പ്രത്യേക മതം അടിച്ചേൽപിക്കാൻ ഈ പാർലമെന്റിന് അധികാരമില്ലെന്നതാണ്. ഭരണഘടന അംഗീകരിക്കുന്ന ഏക പരിധി നിർണയം അതുമാത്രമാണ്."

**രാജ്യത്തിന്റെ വിഭജനത്തിനും അതിനു കാരണമായ ഹിന്ദു - മുസ്‌ലിം അകൽച്ചക്കും ശത്രുതക്കും കാരണമായ സവർക്കറുടെ പ്രചോദനം ദൈവവിശ്വാസമോ മതഭക്തിയോ ആത്മീയബോധമോ ആയിരുന്നില്ല. അതേസമയം ഇന്ത്യ കണ്ട ഏറ്റവും വലിയ മതവിശ്വാസിയും ഭക്തനുമായ ഗാന്ധിജി അവസാന നിമിഷംവരെ വിഭജനത്തിന് എതിരായിരുന്നു. ഹിന്ദു ദേശീയവാദത്തെയും ഹിന്ദു രാഷ്ട്രവാദത്തെയും അദ്ദേഹം ശക്തമായെതിർത്തു. ദേശീയത ഒരിക്കലും മതവുമായി ബന്ധപ്പെട്ടതല്ലെന്ന് അദ്ദേഹം ഉറപ്പിച്ചും തറപ്പിച്ചും പറഞ്ഞു" (M.K Gandhi, Hindu Muslim Unity)**

### ചരിത്ര സാക്ഷ്യങ്ങൾ

മതമൈത്രിയുടെയും സാമുദായിക സൗഹാർദത്തിന്റെയും ഉറവിടം മതേതരത്വമല്ല; മതമാണെന്നതിനു നമ്മുടെ നാടുതന്നെ സാക്ഷിയാണ്. ആധുനിക മതേതരത്വത്തെ പ്രതിനിധീകരിക്കുന്ന ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുന്നതുവരെ ഇവിടെ തികഞ്ഞ മതമൈത്രിയും സഹിഷ്ണുതയും നിലവിന്നിരുന്നു. ബ്രിട്ടീഷ് സൈന്യാധിപൻ കോക്ക് നൽകിയ ഉത്തരവിൽ ഇങ്ങനെ കാണാം: "രണ്ടു മതക്കാർ തമ്മിലുള്ള വ്യത്യാസം പരമാവധി ഉയർത്തിപ്പിടിച്ച് അവരെ ഭിന്നിപ്പിച്ച് ഭരിക്കലായിരിക്കണം ഇന്ത്യൻ ഭരണത്തിൽ നമ്മുടെ അടിസ്ഥാനം."

ഗാന്ധിജി പറഞ്ഞു: "സമുദായങ്ങളെയും വർഗങ്ങളെയും വിഭജിച്ചു ഭരിക്കുന്ന വിദേശഭരണം നിലനിൽക്കുവോളം കാലം ഈ സമുദായങ്ങൾ തമ്മിൽ ജീവസ്സുറ്റ സൗഹൃദം ഉണ്ടാവില്ല. ഒരു നല്ല കടലാസ് തീരുമാനം മാത്രമായിരിക്കും ഉണ്ടാവുക..... ബ്രിട്ടീഷ് ഭരണത്തിനു മുമ്പ്, അവരുടെ മുഖം ഇവിടെ കാണും മുമ്പ് ഹിന്ദുക്കളും മുസ്‌ലിംകളും സിക്കുകാരും തമ്മിൽ പരസ്പരം കലഹിച്ചിരുന്നോ? നമ്മൾ പൊതുവെ സമാധാനത്തിലാണ് വസിച്ചിരുന്നതെന്ന് ഹിന്ദു ചരിത്രകാരന്മാരും മുസ്‌ലിം ചരിത്രകാരന്മാരും നമ്മോട് പറയുന്നു. ഗ്രാമങ്ങളിൽ വസിക്കുന്ന ഹിന്ദുക്കളും മുസ്‌ലിംകളും ഇന്നും കലഹിക്കുന്നില്ല" (Gandhiji in the II RTC, 30 Nov 1931: Ram Gopal, 234-235, ഉദ്ധരണം: സ്വാതന്ത്ര്യം വിഭജനത്തിൽ, പേജ് 249).

വർഗീയതയും വിഭാഗീയതയും വളർത്താനുള്ള ബ്രിട്ടീഷ് ശ്രമത്തെ യഥാർഥ മതവിശ്വാസികളും ഭക്തരും പ്രതിരോധിക്കാൻ പരമാവധി ശ്രമിച്ചതായി കാണാം. അതേസമയം മതനിരാസത്തിന്റെ മുദ്രയണിഞ്ഞവർ കടുത്ത വർഗീയവാദികളും സാമുദായിക പക്ഷപാതികളുമായി മാറുകയാണുണ്ടായത്. ഇന്ത്യയിൽ ദ്വിരാഷ്ട്രവാദം ആദ്യമായുന്നയിച്ച വി.ഡി സവർക്കർ മതവിശ്വാസിയോ ആരാധനകളനുഷ്ഠിക്കുന്നവനോ ആയിരുന്നില്ല. 1937-ൽ നടന്ന ഹിന്ദു മഹാസഭാ സമ്മേളനത്തിൽ അതിന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം പറഞ്ഞു: "ഇന്ത്യ ഒരു രാഷ്ട്രമായിരിക്കുമെന്ന് സങ്കൽപിക്കാൻ സാധ്യമല്ല. അത് മുഖ്യമായും രണ്ടു രാഷ്ട്രങ്ങളാണ്. ഹിന്ദുക്കളുടേതും മുസ്‌ലിംകളുടേതും."

ഇന്ദിര പ്രകാശ് Hindu Maha Sabha its contributions to Indian Politics' എന്ന കൃതിയിൽ എഴുതുന്നു: "ദ്വിരാഷ്ട്രമെന്ന പേരിൽ പ്രസിദ്ധി നേടിയ ഒരു ദർശനം രൂപപ്പെടുത്തയതിന്റെ ബഹുമതി സവർക്കർക്കുള്ളതാണ്. ഭാരതത്തിന് ദേശീയാത്മാവ് പകരുകയും ഹിന്ദു സ്വയം ഒരു രാഷ്ട്രമാണെന്ന് ഊന്നിപ്പറയുകയും ചെയ്തത് സവർക്കറാണ്."

രാജ്യത്തിന്റെ വിഭജനത്തിനും അതിനു കാരണമായ ഹിന്ദു-മുസ്‌ലിം അകൽച്ചക്കും ശത്രുതക്കും കാരണമായ സവർക്കറുടെ പ്രചോദനം ദൈവവിശ്വാസമോ മതഭക്തിയോ ആത്മീയബോധമോ ആയിരുന്നില്ല. അതേസമയം ഇന്ത്യ കണ്ട ഏറ്റവും വലിയ മതവിശ്വാസിയും ഭക്തനുമായ ഗാന്ധിജി അവസാന നിമിഷംവരെ വിഭജനത്തിന് എതിരായിരുന്നു. ഹിന്ദു ദേശീയവാദത്തെയും ഹിന്ദു രാഷ്ട്രവാദത്തെയും അദ്ദേഹം ശക്തമായെതിർത്തു. ദേശീയത ഒരിക്കലും മതവുമായി ബന്ധപ്പെട്ടതല്ലെന്ന് അദ്ദേഹം ഉറപ്പിച്ചും തറപ്പിച്ചും പറഞ്ഞു" (M.K Gandhi, Hindu Muslim Unity)

ഗാന്ധിജി എഴുതി: "എന്റെ ഹിന്ദുയിസം ഒരിക്കലും വിഭാഗീയമല്ല.

ഇസ്‌ലാമിലും ക്രിസ്തുമതത്തിലും ബുദ്ധമതത്തിലും സൗരാഷ്ട്ര മതത്തിലും ഉള്ള എല്ലാ നല്ല കാര്യങ്ങളും അതുൾക്കൊള്ളുന്നുണ്ട്" (Harijan, 1928 April 30).

"ഇവിടെ ജനിച്ചവർക്കും ഇവിടെ നിന്ന് അപ്പം തിന്നുന്നവർക്കും സ്വന്തമായി രാജ്യമില്ലാത്തവർക്കും അവകാശപ്പെട്ടതാണ് ഹിന്ദുസ്ഥാൻ. അതുകൊണ്ട് ഹിന്ദുക്കളുടേതുപോലെ പാർസികൾക്കും ഇസ്രയേല്യർക്കും ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും ഇതര അഹിന്ദുക്കൾക്കും ഇവിടെ അവകാശമുണ്ട്. സ്വതന്ത്ര ഇന്ത്യയിൽ ഹിന്ദുരാജ് ഉണ്ടായിരിക്കുകയില്ല. ഇന്ത്യൻ രാജ് മാത്രമായിരിക്കുമത്" (Harijan 1942 August 9).

മറുഭാഗത്ത് മുസ്‌ലിംകൾ ഇസ്‌ലാമിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ഹിന്ദു ഭരണാധികാരികളോടും ഭരണീയരോടും തികഞ്ഞ സൗഹാർദത്തിലും സഹിഷ്ണുതയിലും കഴിഞ്ഞുകൂടി. വൈദേശികാക്രമണത്തെ തടയാൻ ഹിന്ദുഭരണാധികാരികളുടെ പിന്നിൽ അണിനിരക്കുകയും അവർക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്തു.

### ഗാന്ധിജിയും ജമാഅത്തും

ഇന്ത്യ കണ്ട രാഷ്ട്രീയ നേതാക്കളിൽ മതമൈത്രിയിലും സാമുദായിക സൗഹാർദത്തിലും സഹിഷ്ണുതയിലും ഏറ്റവും നല്ല മാതൃക സൃഷ്ടിച്ച ഹിന്ദു മത വിശ്വാസി ഗാന്ധിജിയാണെന്നതിൽ സംശയമില്ല. അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് മതേതരത്വമായിരുന്നില്ല. മറിച്ച് മതഭക്തിയും ബോധവുമായിരുന്നു. ഗാന്ധിജി എഴുതുന്നു: "മതേതരമായ ഒരു രാഷ്ട്രീയമേ എനിക്കില്ല. മതമുക്തമായ രാഷ്ട്രീയം ആത്മാവിനെ കൊല്ലുന്ന മരണക്കെണിയാണ്" (ഉദ്ധരണം: ഭവൻസ് ജർണൽ 1962 ഒക്ടോബർ 2).

"നമുക്കു വേണ്ടത് നമ്മുടെ ആവശ്യത്തിനും സംസ്കാരത്തിനും പറ്റിയ ഒരു ഭരണസംവിധാനമാണ്. അതെന്താണെന്ന് ഇവിടെ പറയുക സാധ്യമല്ല. രാമരാജ്യം എന്ന് അതിനെ വിശേഷിപ്പിക്കാം. പരിശുദ്ധമായ ധാർമികാടിസ്ഥാനത്തിൽ ജനങ്ങൾക്ക് പരമാധികാരമുള്ള ഒരവസ്ഥാ വിശേഷമാണത്" (രാമരാജ്യം, രാഷ്ട്രപിതാവ്, കെ.പി കേശവമേനോൻ, പേജ് 142).

"മതമില്ലാതെ ഒരൊറ്റ നിമിഷം പോലും ജീവിക്കാനെനിക്കു സാധ്യമല്ല. എന്റെ രാഷ്ട്രീയവും മറ്റെല്ലാ പ്രവൃത്തികളും മതത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. മതമെന്നത് ഈശ്വരനുമായുള്ള അനുബന്ധ ഭാവമാണ്. അതായത് ഈശ്വരൻ നിങ്ങളുടെ ഓരോ ശ്വാസത്തെയും ഭരിച്ചുകൊണ്ടിരിക്കുന്നു" (ഉദ്ധരണം: മഹാത്മാഗാന്ധി ഒരു പഠനം, പേജ് 129).

"ആത്മീയമായ നിയമം തനതായ ഒരു രംഗത്തു മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നേരെ മറിച്ച് അത് ജീവിതത്തിന്റെ സാധാരണ കർമങ്ങളിലൂടെയാണ് വെളിപ്പെടുത്തുന്നത്. അപ്രകാരം അത് സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളെ ബാധിക്കുന്നുണ്ട്" (ഉദ്ധരണം: മഹാത്മാവിന്റെ മാർഗം, സുകുമാർ അഴീക്കോട്, പേജ് 18).

ഗാന്ധിജി ഉൾപ്പെടെ ഹൈന്ദവ സമൂഹത്തിലെ ഒരു വിഭാഗം ആദരിക്കുകയും ആരാധിക്കുകയുമൊക്കെ ചെയ്യുന്ന പശുവിനെ അറുക്കുന്നതിന് അദ്ദേഹം എതിരായിരുന്നുവെങ്കിലും അങ്ങനെ ചെയ്യുന്ന മുസ്‌ലിംകളോട് സഹിഷ്ണുത പുലർത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് സെക്യുലരിസമായിരുന്നില്ല, മറിച്ച് മതവിശ്വാസമായിരുന്നു. ഇക്കാര്യം ഗാന്ധി തന്നെ വ്യക്തമാക്കിയിട്ടുണ്ട്: "പശുവിനെ സംരക്ഷിക്കാൻ മുസ്‌ലിമിനോട് കലഹിക്കുകയോ അയാളെ കൊല്ലുകയോ ചെയ്യണോ? അങ്ങനെ ചെയ്താൽ ഞാൻ മുസ്‌ലിമിന്റെ മാത്രമല്ല, പശുവിന്റെ കൂടി ശത്രുവായിത്തീരും. അതിനാൽ പശു സംരക്ഷണത്തിനുള്ള ഏക മാർഗമായി ഞാൻ കാണുന്നതിതാണ്: ഞാൻ മുസൽമാനെസമീപിച്ച് പശു സംരക്ഷണത്തിൽ എന്നോട് സഹകരിക്കണമെന്നാവശ്യപ്പെടും. അയാൾ സഹകരിക്കുന്നില്ലെങ്കിൽ കാര്യമെന്റെ കഴിവിന്നപ്പുറത്താണെന്ന ലളിതമായ സത്യം അംഗീകരിച്ച് ഞാൻ പശുവിനെ കൈവിടും. പശുവിനോടെനിക്ക് സഹതാപം വളരെയുണ്ടെങ്കിൽ അവളെ സംരക്ഷിക്കാൻ സ്വയം ബലി നൽകിയാൽ പോലും മുസൽമാനെ ദ്രോഹിക്കുകയില്ല. എന്റെ അഭിപ്രായത്തിൽ ഹിന്ദുധർമം അതാണ്" (ഹിന്ദ് സ്വരാജ്, തെരഞ്ഞെടുത്ത കൃതികൾ, വാല്യം 3, പേജ് 98,99).

മറുഭാഗത്ത് 'ഞാൻ ഒന്നാമതും രണ്ടാമതും മൂന്നാമതും മുസ്‌ലിമാണെന്ന്' പ്രഖ്യാപിച്ച മൗലാനാ മുഹമ്മദലിക്ക് തന്റെ വീട്ടിൽ ഗാന്ധിജിയെ ആറു മാസക്കാലം താമസിപ്പിക്കാനും അത്രയും കാലം മത്സ്യ-മാംസാദികൾ ഉപയോഗിക്കാതിരിക്കാനും പ്രചോദനമേകിയത് അദ്ദേഹത്തിന്റെ അടിയുറച്ച മതവിശ്വാസമാണ്. മതമൈത്രിയിലും സാമുദായിക സൗഹാർദത്തിലും സഹിഷ്ണുതയിലും ഇന്ത്യയിൽ ഏറ്റവും മികച്ച മാതൃകയാവാൻ ജമാഅത്തെ ഇസ്‌ലാമിക്ക് കഴിഞ്ഞത് മുഴു ജീവിതമേഖലകളിലും മതം മുറുകെപ്പിടിക്കണമെന്ന തികഞ്ഞ ബോധവും ബോധ്യവും ഉള്ളതുകൊണ്ടാണ്.

ഇന്ത്യയിൽ നടന്ന വർഗീയ കലാപങ്ങളിലും ഭീകരാക്രമണങ്ങളിലും മറ്റും നിരവധി ചെറുപ്പക്കാർ കൊല്ലപ്പെട്ടിട്ടുണ്ട്. അമ്മമാരോട് നിങ്ങളുടെ മകനെ കൊന്നത് ആരാണെന്ന് ചോദിച്ചാൽ ഒറ്റയാളും പറയില്ല, ജമാഅത്തെ ഇസ്‌ലാമിക്കാരാണെന്ന്. ഒരൊറ്റ വിധവയും തന്റെ ഭർത്താവിന്റെ കൊലക്കു കാരണം ജമാഅത്താണെന്ന് പറയില്ല. ഇത്തരമൊരു ഉയർന്ന ധാർമിക നിലവാരത്തിലേക്ക് ജമാഅത്തിനെ ഉയർത്തുന്നത് അഖില ജീവിത മേഖലകളിലും ഇസ്‌ലാമിക ശിക്ഷണങ്ങൾ സ്വീകരിക്കണമെന്ന അതിന്റെ ദൃഢനിശ്ചയമാണ്. ഗാന്ധിജിയെ ജമാഅത്തെ ഇസ്‌ലാമി സമ്മേളനത്തിലേക്ക് ആകർഷിച്ചതും മറ്റൊന്നല്ല. 1947 ഏപ്രിൽ 25,26 തീയതികളിൽ പാറ്റ്നയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സമ്മേളനത്തിൽ അദ്ദേഹം സംബന്ധിച്ചു. അതേക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാൻ ഇന്നലെ ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനത്തിൽ സംബന്ധിച്ചു. അത് സാധുക്കളുടെ സമ്മേളനമായിരുന്നു- ഭിക്ഷ യാചിക്കുന്നവരുടേതല്ല- നന്മ പ്രചരിപ്പിക്കുകയും മനുഷ്യരെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചുനീക്കുകയും നിങ്ങൾ ദൈവദാസന്മാരാണെങ്കിൽ ദൈവത്തിന്റെ കൽപനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കളുടെ സമ്മേളനം. അവരുടെ സമ്മേളനത്തിൽ സംബന്ധിച്ചതിൽ എനിക്ക് ദുഃഖമില്ല. സന്തോഷമേയുള്ളൂ. അവർ ഇനിയും എന്നെ ക്ഷണിച്ചാൽ കാൽനടയായെങ്കിലും ഞാനവരുടെ സമ്മേളനത്തിൽ സംബന്ധിക്കും." ■